## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1892

### 07.12.2015- ലെ മറുപടിക്ക്

### മണ്ഡലം ആസ്തിവികസന ഫണ്ട്

| ചോദ്യം<br>**ശ്രീമതി ഗീതാ ഗോപി** | ഉത്തരം<br>**ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ നാട്ടിക നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനു മതിയ്ക്കായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും തുക എത്രയാണെന്നും അറിയിക്കുമോ; | 2012-13, 2013-14, 2014-15 വർഷങ്ങളിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ നാട്ടിക നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ആയതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും തുക എത്രയാണെന്നും വിശദമാക്കുമോ; | |
| (സി) ഭരണാനുമതി ലഭിക്കാൻ ബാക്കി നിൽക്കുന്ന പ്രവൃത്തികൾക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഭരണവകുപ്പിൽനിന്നും ഭരണാനുമതിയ്ക്കായി ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടു കൂടി ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

Sreekumar

**സെക്ഷൻ ഓഫീസർ**

Th

# അനുബന്ധം

## ആസ്തി വികസന പദ്ധതിയിൻ കീഴിൽ നാട്ടിക നിയോജകമണ്ഡലത്തിൽ 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഭരണ വകുപ്പ് ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തി | തുക ( ലക്ഷം രൂപ) |
|---|---|---|
| 1 | നാട്ടിക നിയോജക മണ്ഡലത്തിലെ മുട്ടിച്ചൂർ കടവ് റോഡിന്റേയും, മുട്ടിച്ചൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡുകളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ | 200.00 |
| 2 | തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്ര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 50.00 |
| 3 | പാലയ്ക്കൽ-വിയ്യാറ്റുപാടം-കോടന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 50.00 |
| 4 | വലപ്പാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ക്ലാസ് റൂം കെട്ടിടവും, ചുറ്റുമതിലും | 190.00 |
| 5 | തൃപ്രയാർ സർക്കാർ ആശുപത്രിയിൽ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ | 200.00 |
| 6 | താന്ന്യം ഗ്രാമ പഞ്ചായത്തിലെ ജനതാ റോഡിന്റെ ബന്ധിപ്പിക്കൽ ജോലികൾ | 35.00 |
| 7 | അന്തിക്കാട് പഞ്ചായത്തിലെ വയലാർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 50.00 |
| 8 | വലപ്പാട് ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കൽ | 200.00 |
| 9 | വേലുമാംപടി - കൈയ്യാലക്കൽ - ചെറ്റക്കുളം 0/350 കി.മി ദൂരം സി,സി. ഡ്രെയിൻ നൽകൽ | 25.00 |
| 10 | അന്തിക്കാട് - അഞ്ചങ്ങാടി റോഡിന്റെ ഉപരിതല പുനരുദ്ധാരണവും, ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തലും. | 63.00 |
| 11 | വലപ്പാട് സർക്കാർ ആശുപത്രിയിൽ പുതിയ ഫാർമസി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ | 50.00 |
| 12 | അന്തിക്കാട് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കൽ | 50.00 |
| 13 | ചാഴൂർ ഗ്രാമ പഞ്ചായത്തിലെ ചെറുമണൽ - പുഴമുഖം പടിഞ്ഞാറേ ബണ്ട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 25.00 |
| 14 | പറളം ഗ്രാമ പഞ്ചായത്തിലെ കുട്ടല കവലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 25.00 |
| 15 | അവിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ എറണ്ടകുളം കുടുംബക്ഷേമ കേന്ദ്രം റോഡ് | 25.00 |
| 16 | തൃശ്ശൂർ ചാഴൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കൽ | 25.00 |
| 17 | താന്ന്യം ഗവ. നളന്ദ ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കൽ | 50.00 |
| 18 | തൃപ്രയാർ ബസ് സ്റ്റാന്റിൽ ട്രസ്സ് ജോലികളുടെ നിർമ്മാണ പ്രവൃത്തികൾ | 45.00 |
| 19 | തൃശ്ശൂർ അമ്മാടടൻ ഗവ. എൽ.പി.എസിന് പുതിയ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കൽ | 15.00 |
| 20 | ചാഴൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് നം. 18 ലെ യുവതാര-കോവിലകം റോഡിന്റെ മെറ്റലിങ്, ടാറിങ്, ഡ്രെയിനേജ് പ്രവൃത്തികൾ | 10.00 |
| 21 | ശാസ്താംകടവ് -കോടന്നൂർ-ചാക്യാർ കടവ് റോഡിന്റെ 0/450 മുതൽ 1/120 കി.മി ദൂരം പുനരുദ്ധാരണ പ്രവൃത്തികൾ | 200.00 |
| | **ആകെ തുക** | **1,583.00** |

Sreekumar.C
സെക്ഷൻ ഓഫീസർ

Plm